**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ്- വിധവാ പെൻഷൻ ഗുണഭോക്താക്കളും 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും അവിവാഹിതരാണെന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നതിലേക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു-

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

സ.ഉ.(എം എസ് ) നം. 59/2019/ധന. തീയതി, തിരുവനന്തപുരം, 31/01/2019

---

പരാമർശം :- 06-11-2017 ലെ സ.ഉ(എം എസ്)നം. 483/2017/ധന നമ്പർ സർക്കാർ ഉത്തരവ്

## <u>ഉത്തരവ്</u>

ബാങ്ക് വഴി സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നവർ എല്ലാ വർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ വഴി മസ്റ്ററിംഗ് (mustering) നടത്തേണ്ടതാണെന്നും വിധവാ പെൻഷൻ ലഭിക്കുന്നവർ എല്ലാ വർഷവും ഡിസംബർ മാസം താൻ പുനർവിവാഹം ചെയ്തിട്ടില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സാക്ഷ്യപത്രം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിന്റെ സെക്രട്ടറിക്ക് നൽകേണ്ടതാണെന്നും പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ ഗുണഭോക്താക്കളും വിധവാ പെൻഷൻ ഗുണഭോക്താക്കളും വിവാഹം / പുനർ വിവാഹം ചെയ്ത ശേഷവും ഇത്തരത്തിൽ അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും വാങ്ങിവരുന്ന പ്രവണത സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരത്തിൽ വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളിൽ പുനർ വിവാഹം ചെയ്തവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അവിവാഹിത പെൻഷൻ ഗുണഭോക്താവ് / വിധവാ പെൻഷൻ ഗുണഭോക്താവ് വിവാഹം/ പുനർ വിവാഹം ചെയ്തിട്ടില്ല എന്നു തെളിയിക്കുന്ന ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സമർപ്പിക്കാത്ത വിധവാ പെൻഷൻ/ അവിവാഹിത പെൻഷൻ ഗുണഭോക്താക്കളുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ , പ്രസ്തുത സർട്ടിഫിക്കറ്റ് സമർപ്പിക്കുന്നത് വരെ താൽക്കാലികമായി തടഞ്ഞ് വയ്ക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക സർക്കാർ സെക്രട്ടറി പെൻഷൻ പുന:സ്ഥാപിച്ച് നൽകേണ്ടതുമാണ്.

3. പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്യുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പ്രതീപ് കുമാർ ബി
ജോയിന്റ് സെക്രട്ടറി( ധനകാര്യം)

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ , തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ( പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
എല്ലാ മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിമാർക്കും ( നഗരകാര്യ ഡയറക്ടർ മുഖാന്തിരം)
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.